## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2079 — **18.06.2013**- ലെ മറുപടിക്ക്

### <u>സഹകരണ സംഘങ്ങളുടെ സാമ്പത്തിക സ്ഥിതി നിർണ്ണയിക്കുന്ന പദ്ധതി</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. പി വിൻസെന്റ്<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. കെ മുരളീധരൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സഹകരണ സംഘങ്ങളുടെയും, ബാങ്കുകളുടെയും യഥാർത്ഥ സാമ്പത്തിക സ്ഥിതി നിർണ്ണയിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) സഹകരണ സംഘങ്ങളുടെയും ബാങ്കുകളുടെയും യഥാർത്ഥ സാമ്പത്തിക സ്ഥിതി നിർണ്ണയിക്കുന്നതിന് സംശുദ്ധമായ ബാക്കി പത്രം തയ്യാറാക്കുന്നതിനായി **'ഉണർവ്വ് 2012'** എന്ന തീവ്രയത്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘകാലമായി ഈടാക്കാതെയും, കൊടുത്ത് തീർക്കാതെയും നിൽക്കുന്ന തുകകൾ നിയമാനുസൃത നടപടികൾ സ്വീകരിച്ച് ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്ത് സഹകരണ സ്ഥാപനങ്ങളുടെ ബാക്കി പത്രം സംശുദ്ധമാക്കി സഹകരണ സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുന്ന ആഡിറ്റ് സർട്ടിഫിക്കറ്റ് തയ്യാറാക്കുക എന്നതാണ് **'ഉണർവ്വ് 2012'** തീവ്രയത്ന പരിപാടിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| സി) എന്തൊക്കെ ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്നത്; | സി) ഈ പദ്ധതിയുടെ ഗുണം നേരിട്ട് സംഘങ്ങൾക്ക് ലഭിക്കുകയില്ലെങ്കിലും സംഘങ്ങളെ സാമ്പത്തിക അടിത്തറയുള്ള സഹകരണ സ്ഥാപനങ്ങളാക്കി മാറ്റുന്നതിലൂടെ അംഗങ്ങൾക്ക് സംഘം നൽകുന്ന സേവനങ്ങൾ കൃത്യമായി കൂടുതൽ ഗുണമേന്മയോടെ ലഭ്യമാകുന്നതാണ്. |
| ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | സംഘം ഭാരവാഹികളുടെയും വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചു കൂട്ടി ഓരോ സംഘത്തിന്റെയും ആഡിറ്റ് സർട്ടിഫിക്കറ്റ് പരിശോധിച്ച് ആഡിറ്റ് ഒബ്ജക്ഷനുകൾ സംബന്ധിച്ച് ധാരണയുണ്ടാക്കുന്നതിനും, ഈടാക്കാൻ നടപടി സ്വീകരിക്കാൻ കഴിയുന്നവ, ഈടാക്കാൻ |

നിവൃത്തിയില്ലാതെ നിയമാനുസൃത നടപടി സ്വീകരിച്ച് നീക്കം ചെയ്യാൻ കഴിയുന്നവ, യഥായോഗ്യം കൊടുത്തു തീർക്കാവുന്നവ എന്നിവ തരം തിരിച്ച് വ്യക്തമായ പട്ടിക തയ്യാറാക്കുന്നതിനും, പ്രസ്തുത പട്ടിക പരിശോധിച്ച് ആവശ്യമായ സംഗതിയിൽ സംഘം പൊതുയോഗം കൂടി തീരുമാനങ്ങൾ കൈകൊള്ളുന്നതിനും, ആഡിറ്റ് ഒബ്ജക്ഷൻ നീക്കം ചെയ്യുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമാക്കി ആവശ്യമായ വകുപ്പ്തല അനുമതിയോടെ ടി തുകകൾ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനും സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിലും, സംസ്ഥാന തലത്തിലും നോഡൽ ആഫീസർമാരെ നിയോഗിക്കുകയും, താലൂക്ക്/ജില്ലാ/സംസ്ഥാന തലത്തിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ച് ചിട്ടയോടെ പ്രവർത്തിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ